**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1156</u>** **<u>31-01-2024 - ൽ മറുപടിയ്ക്ക്</u>**

**<u>വിവിധ തലങ്ങളിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 1980-ലെ (10 of 1981) വകുപ്പ് 13 എ യുടെ ഉപ വകുപ്പ് (1) ആധാരമാക്കി കേരള സർക്കാർ ഒരു ത്രിതല സംവിധാനമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>ടി ത്രിതല സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലും, ജില്ലാ തലത്തിൽ 9 ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും, മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് 211 ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകളും നിലവിൽ വന്നിട്ടുണ്ട്.<br><br>സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെയും തീരദേശവാസികളുടേയും ഇടയിൽ ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക എന്നതാണ് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രധാന കർത്തവ്യം. |
| (ബി) | ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലും അതാത് ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ തുടർച്ചയായി ചേർന്ന് തീരദേശ മേഖലയിലെ വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളുന്നു. അപ്രകാരം ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കാത്ത വിഷയങ്ങൾ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ |

| | | | |
|---|---|---|---|
| | | | പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. |
| (സി) | പ്രാദേശിക തലത്തിൽ വില്ലേജ്തല മാനേജ്മെന്റ് കൗൺസിലുകളുടെ യോഗം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ചേരുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രാദേശിക തലത്തിലെ വില്ലേജ്തല മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടേയും തീരദേശ വാസികളുടേയും ഇടയിൽ ബോധവൽക്കരണം നടത്തുക, തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ച് കൊണ്ട് ഒരു വില്ലേജ്തല മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുക, ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടേയും തീരദേശവാസികളുടേയും ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രവർത്തിക്കുക, ഫിഷിംഗ് വില്ലേജിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, സമുദ്ര മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി ഫീൽഡ് തലത്തിൽ നിന്നുള്ള വിവരങ്ങൾ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് ലഭ്യമാക്കുകയും ഇപ്രകാരം ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സഹായിക്കുക, സംസ്ഥാന/ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ഇവയൊക്കെയാണ് വില്ലേജ്തല മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ